# പതിമൂന്നാം കേരള നിയമസഭ

## പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2754 — 10/12/2014 -ൽ മറുപടിക്ക്

## കേരള വാട്ടർ അതോറിറ്റിയിലെ ജീവനക്കാരുടെ ദിവസവേതനം വർദ്ധിപ്പിക്കുന്നതിന് നടപടി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ബെന്നി ബെഹനാൻ | ശ്രീ. പി.ജെ.ജോസഫ് (ജലവിഭവ വകുപ്പുമന്ത്രി) |
| (എ) കേരള വാട്ടർ അതോറിറ്റിയിൽ പമ്പ് ഓപ്പറേറ്റർ, വർക്കർ, സ്വീപ്പർ, അറ്റൻഡർ, ഗാർഡനർ, പ്യൂൺ, കമ്പ്യൂട്ടർ ഓപ്പറേറ്റർ, മീറ്റർ റീഡർ എന്നീ തസ്തികകളിൽ വർഷങ്ങളായി എച്ച്.ആർ വ്യവസ്ഥയിൽ ജോലി ചെയ്യുന്നവരെ സ്ഥിരപ്പെടുത്തുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;<br>(ബി) ഉണ്ടെങ്കിൽ അതിന്റെ വിശദാംശം വെളിപ്പെടുത്താമോ; | (എ) & (ബി) കേരള വാട്ടർ അതോറിറ്റിയിൽ എച്ച്.ആർ വ്യവസ്ഥയിൽ ആരെയും നിയമിച്ചിട്ടില്ല. സ്ഥിരം ജീവനക്കാരുടെ അഭാവത്തിൽ ജലവിതരണ സംവിധാനം തടസ്സപ്പെടാതിരിക്കാൻ അംഗീകൃത കരാറുകാർ മുഖേന ലേബർ സപ്ലൈ അടിസ്ഥാനത്തിൽ ആവശ്യാനുസരണം തൊഴിലാളികളെ ഏർപ്പെടുത്താറുണ്ട്. ഇവരെ സ്ഥിരപ്പെടുത്താൻ നിലവിൽ നിയമവ്യവസ്ഥയില്ല. |
| (സി) പ്രസ്തുത ജീവനക്കാരുടെ ദിവസവേതനം വർദ്ധിപ്പിക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; | (സി) നിലവിലുള്ള പി.ഡബ്ല്യൂ.ഡി ഷെഡ്യൂൾ ഓഫ് റേറ്റ്സ് അനുസരിച്ചാണ് ലേബർ സപ്ലൈ അടിസ്ഥാനത്തിൽ പ്രവർത്തിക്കുന്നവർക്ക് വേതനം നൽകി വരുന്നത്. |
| (ഡി) ഇടനിലക്കാരെ ഒഴിവാക്കി ഇവർക്ക് നേരിട്ട് ശമ്പളം നൽകുന്നതിന് നടപടി സ്വീകരിക്കുമോ? | (ഡി) ഇത്തരം തൊഴിലാളികൾ കരാറുകാർ മുഖേന നിയോഗിക്കപ്പെടുന്നവരായതിനാൽ ഇവരുടെ വേതനം കരാറുകാർ മുഖേന നൽകാനേ നിർവ്വാഹമുള്ളൂ. |

സെക്ഷൻ ഓഫീസർ

JSK/